

ശ്രീ. ജോയൽ ജോൺ ഗ്രാമങ്ങളിൽ കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുന്നു



ഗേൾസ് ഹോസ്റ്റലിലെ ജൂനിയർ ക്ലാസ്സ് വിദ്യാർത്ഥിനികൾ



ഈ വർഷത്തെ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾ
എല്ലാവരും പരീക്ഷ പാസ്സായി

ADORE

# അഡോർ പ്രവർത്തന റിപ്പോർട്ട്
# 2020 - 21
# വയലേലകളിൽനിന്നും





ഞായറാഴ്ചകളിൽ ഹോസ്റ്റലിലെ
കുട്ടികൾക്കായി വേദ പഠനം, ആരാധന
ഇവ ക്രമമായി നടക്കുന്നു



ബ്ര. പി.സി. ജോൺ ഗ്രാമങ്ങളിൽ കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുന്നു








ഹോസ്റ്റലിലെ കൾച്ചറൽ പ്രോഗ്രാമിൽ നിന്ന്

# ADORE MISSION
## 2020-2021
## വാർഷികറിപ്പോർട്ട്

കർത്താവിൽ പ്രിയ സഹോദരങ്ങളെ,

ക്രിസ്തു യേശുവിന്റെ നാമത്തിൽ എല്ലാ പ്രിയപ്പെട്ടവർക്കും സ്നേഹവന്ദനം.

ലോക രാജ്യങ്ങളിൽ അതിവേഗം സംക്രമിച്ചുകൊണ്ടിരിക്കുന്ന കൊറോണ മഹാമാരിയിൽ വിറങ്ങലിച്ചു നിൽക്കുന്ന ഒരു വർഷമാണ് കടന്നു പോയത്. ഈ മഹാമാരിയിലും ഒഡിഷയിലെ ഉൾഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളിൽ അഡോർ കൂട്ടായ്മ തുടർന്നു കൊണ്ടേയിരിക്കുന്നു. അതിനു ലഭിച്ചുകൊണ്ടിരിക്കുന്ന വലിയ ദൈവിക കൃപയ്ക്ക് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഒഡിഷ സംസ്ഥാനത്ത് റായ്ഗഡ ജില്ലയിൽ ജിമിദിപെട്ട എന്ന ഗ്രാമം കേന്ദ്രീകരിച്ചാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ജിമിദിപെട്ടയിൽ 50 പെൺകുട്ടികൾക്കു താമസിക്കാൻ സൗകര്യമുള്ള ഒരു ഹോസ്റ്റൽ നമുക്കുണ്ട്. അവിടെ നിന്നും 2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന സ്ഥലത്ത് 30 കുട്ടികൾക്ക് താമസിക്കാൻ സൗകര്യമുള്ള ആൺകുട്ടികളുടെ ഒരു ഹോസ്റ്റലും ഉണ്ട്.

ഇത് കൂടാതെ ഗ്രാമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. അമ്പാഗുഡ (Ambaguda) ടെലിസു (Telisu) എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ഗ്രാമപ്രവർത്തനങ്ങൾ നടക്കുന്നത്.

ഈ റിപ്പോർട്ട് എഴുതുമ്പോൾ കോവിഡ് 19 ന്റെ രണ്ടാം തരംഗം ഭയാനകമായി ഇൻഡ്യ മുഴുവൻ ആഞ്ഞടിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നാം തരംഗം ഉടൻ തന്നെ ആരംഭിക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇന്നത്തെ കണക്കനുസരിച്ച് മൊത്തത്തിൽ 18 കോടി ജനങ്ങൾക്ക് ലോകമെമ്പാടും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. മരണം 39 ലക്ഷത്തോളം കടക്കുന്നു. നമ്മുടെ രാജ്യത്ത് 3 കോടിയോളം ജനങ്ങൾക്ക് കോവിഡ് 19 സ്ഥിരീകരിച്ചിട്ടുണ്ട്. മരണം 4 ലക്ഷത്തോളം അടുക്കുന്നു. മനുഷ്യ ജീവിതത്തിന്റെ സർവ്വമേഖലയിലും ഈ മഹാമാരി സ്വാധീനിച്ചിട്ടുണ്ട്. അഡോ

റിന്റെ പ്രവർത്തനമേഖല പോലുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമല്ലാത്ത പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാഭ്യാസ പ്രക്രിയകളെയാണ് ഇത് കൂടുതൽ ബാധിച്ചിരിക്കുന്നത്.

നാം മനസ്സിലാക്കുന്ന ദൈവം കരുണാമയനും സ്നേഹനിധിയുമാണ്. ലക്ഷക്കണക്കിന് നിരപരാധികളായ മനുഷ്യർ കഷ്ടപ്പെടുകയും മരിച്ചുവീഴുകയും സ്വന്തക്കാർക്കുപോലും അവസാനമായി ഒന്നു കാണുവാൻ സാധിക്കാതെ അടക്കപ്പെടുകയും ചെയ്യുമ്പോൾ നാം വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നതായ ദൈവം ഇതൊന്നും കാണുന്നില്ലേയോ എന്ന് തോന്നാം. സർവ്വശക്തനായ ദൈവം ഒരു കൊച്ചു വൈറസിന്റെ വിളയാട്ടം തടയാനാവാതെ നോക്കിനിൽക്കുന്നതെന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ അവരെ കുറ്റപ്പെടുത്താനാവില്ല. ഈ മഹാമാരി ദൈവകോപമായി കാണുന്നവരുമുണ്ട്. ദൈവത്തിന് ഹിതരകരമല്ലാത്ത മനുഷ്യപ്രവർത്തനത്തിന്റെ ഫലമാണെന്ന് കരുതുന്നവരുമുണ്ട്.

ലോകചരിത്രത്തിൽ വിവിധ പകർച്ചവ്യാധികളും ദുരന്തങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. 1348 ൽ യുറോപ്പിൽ അമ്പതു ദശലക്ഷം ജനങ്ങൾ മൃത്യുവിനിരയായ ബ്ലാക്ക് ഡെത്തിനെയും (Bubonic Plage pandemic) 1755 ൽ 75000 പേരുടെ മരണത്തിടയാക്കിയ ഗ്രേറ്റ് ലിബ്സൺ (Great libson Earth Quak) ഭൂമികുലുക്കവും, 1919-ൽ ആഗോളതലത്തിൽ അമ്പതു ദശലക്ഷം ജനങ്ങൾ മരിച്ച സ്പാനിഷ് ഫ്ളൂവും ഇതിൽ ഉൾപ്പെടുന്നു. 2004 ൽ ഇൻഡ്യൻ മഹാസമുദ്രത്തിലുണ്ടായ സുനാമിയും 2018 ലെ വെള്ളപ്പൊക്കവും മലയാളികളെ ഏറെ ബാധിച്ച ദുരന്തങ്ങളാണ്.

ദൈവം അനന്യമായ മൂല്യത്തോടും അതുല്യമായ ലക്ഷ്യത്തോടും അനുപമമായ താളത്തിലുമാണ് പ്രകൃതിയിലോരോന്നും സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യന്റെ അത്യാർത്തിയും സ്വാർത്ഥതയും മനുഷ്യൻ പ്രകൃതിയുടെ അനുപമമായ താളത്തെ അവതാളത്തിലാക്കികൊണ്ടിരിക്കുകയാണ്. പ്രകൃതി വിഭവങ്ങളെ സ്വാർത്ഥ താൽപര്യത്തിനായി മനുഷ്യൻ അമിതമായി ചൂഷണം ചെയ്യുകയാണ്. ജനിതക പരിഷ്കരണം വരുത്തുവാൻ ദൈവം ഈ പ്രകൃതിക്ക് കഴിവ് കൊടുത്തിട്ടുണ്ട്. പ്രകൃതിയ്ക്ക് മേലുള്ള മനുഷ്യന്റെ അതിരുവിട്ട കടന്നുകയറ്റത്തിനെതിരെ പ്രകൃതി തന്നെ പ്രതികരിക്കും. ഇത് പ്രകൃതി നിയമമാണ്. ദുരന്തങ്ങളുടെ ചരിത്ര

മെടുത്തു പഠിക്കുമ്പോൾ ഇത് നമുക്ക് മനസ്സിലാകും. പ്രകൃതിയോടുള്ള മനുഷ്യന്റെ ഇടപെടൽ അതിരുകടന്നതോടെ ദുരന്തങ്ങളുടെ ഇടവേള കുറയുകയും ആഘാതം കൂടുകയും ചെയ്തു.തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ചുഴലിക്കാറ്റുകൾ, വരൾച്ച, ഉരുൾപ്പൊട്ടൽ, സുനാമികൾ, ഭൂമികുലുക്കം എന്നി പ്രകൃതിക്ഷോഭങ്ങളും ചിക്കൻഗുനിയ, നിപ്പാ വൈറസ്, കോറോണ തുടങ്ങിയ രോഗങ്ങളും പ്രകൃതിയുടെ പ്രതിഷേധ പ്രകടനങ്ങളാണെന്ന് നാം മനസ്സിലാക്കുന്നില്ലയെന്നതാണ് വിരോധാഭാസം. എങ്കിലും ദൈവം ദുരന്തങ്ങൾ മൂലം ഭൂമിയെ പൂർണമായി നശിപ്പിക്കുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. ഇത് പ്രതീക്ഷകളും സാദ്ധ്യതകളും നൽകുന്നു. നോഹയുടെ ജലപ്രളയത്തിന്റെ അന്ത്യം ജലപ്രളയത്തെ നേരിടുവാൻ മനുഷ്യന്റെ നിറങ്ങളുള്ള മഴവില്ലുകളാണ് തെളിയുന്നത്. ഇത് നിർമ്മാണ വിദ്യയുടെ മനുഷ്യരുടെ സാധ്യതയുടെ ചലനമായിരിക്കണം. ഒരു പക്ഷേ ഇത് മനുഷ്യരുടെ അനിയന്ത്രിത വികസനത്തിന്റെ വിപരീത ഫലം ചൂണ്ടികാണിക്കുകയും ചെയ്യുന്നു. (ഉല്പത്തി 11:1-9)

ലോകത്തെ തന്നെ പിടിച്ചു കുലുക്കിയ രണ്ടാം ലോക മഹായുദ്ധത്തിനുശേഷമാണ് ഒട്ടുമുക്കാലും രാജ്യങ്ങൾക്കും സ്വാതന്ത്ര്യം ലഭിച്ചത്. അതുകൊണ്ട് ഇപ്പോഴത്തെ കോറോണ മഹാമാരി മനുഷ്യസമൂഹത്തെ മറ്റൊരു തലത്തിലേയ്ക്ക് നയിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. മനുഷ്യൻ പക്വമായ സമീപനത്തോട് പ്രകൃതിയുടെ താളങ്ങളെ മനസ്സിലാക്കി തിരുത്തുകൾ കണ്ട് മുന്നോട്ടുപോകാം. അതുപോലെ ഈ ദുരന്തം മൂലം കഷ്ടം അനുഭവിക്കുന്നവരെ ചേർത്ത് പിടിക്കാനും സഹായിക്കുവാനും നമുക്ക് സാധിക്കണം.

**2020-21 ലെ ഭരണസമിതി**

26.07.2020 ൽ കൂടിയ പൊതുയോഗത്തിൽ താഴെ പറയുന്നവരെ ഭരണസമിതിയിലേക്ക് തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രൊഫ. എ.വി. ഇട്ടി | - | പ്രസിഡന്റ് |
| ശ്രീ ജേക്കബ് ഈശോ | - | സെക്രട്ടറി |
| ശ്രീ. കോരുത് സാമുവൽ | - | ട്രഷറർ |
| ഡോ. കോശിജോർജ്ജ് | - | അംഗം |
| ശ്രീ. കെ.ജെ. ജോൺ | - | അംഗം |

ശ്രീ. പി.ഒ. സണ്ണി - അംഗം

ശ്രീ. എം. വർഗ്ഗീസ് - അംഗം

ഈ വർഷം എട്ടുതവണ ഈ ഭരണസമിതി കൂടിയിട്ടുണ്ട്. കൂടാതെ 2021 ജനുവരിയിൽ അഡോറിന്റെ കുടുംബസംഗമവും കൂടുകയുണ്ടായി. ഈ കുടുംബസംഗമത്തിൽ ശ്രീ മോനച്ചൻ തോമസ് ഹ്യൂസ്റ്റൺ മുഖ്യ സന്ദേശം നൽകി.

**ഡോ. കോശി ജോർജ് സ്ഥാപക സെക്രട്ടറി**

ഡോ. കോശി ജോർജ് (ലാൽജി) അഡോർ എന്ന സംഘത്തിന്റെ സ്ഥാപക സെക്രട്ടറി ആണ്. 1984 ഏപ്രിൽ നാലാം തീയതി അഡോർ എന്ന സൊസൈറ്റി തിരുവിതാംകൂർ - കൊച്ചി സാഹിത്യ - ശാസ്ത്രീയ ധർമ്മ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതു തൊട്ട് ഈ വർഷം വരെയും അഡോറിന്റെ സെക്രട്ടറിയായി വളരെ സ്തുത്യർഹമായി ചുമതലകൾ അദ്ദേഹം നിർവഹിച്ചു.

കൊല്ലത്തു സുപ്രസിദ്ധരായ തങ്കി ഡോക്ടർ എന്നറിയപ്പെടുന്ന ഡോക്ടർ ദമ്പതികളുടെ ഏകമകനാണ് ഡോ. കോശി ജോർജ്ജ്. തന്റെ മാതാപിതാക്കളെപ്പോലെ ക്രിസ്തീയ ദൗത്യത്തിൽ പ്രതിജ്ഞാബദ്ധനായ ഇദ്ദേഹം സ്വയം കേന്ദ്രീകൃതമായ ഇന്നത്തെ ആത്മീയതയിൽ നിന്ന് വ്യത്യസ്ഥനായി, സാമൂഹിക പ്രതിബദ്ധതയുള്ള അർത്ഥവത്തായ ആത്മീയതയുടെ ഉടമയാണ് അദ്ദേഹം ഒരു ഓർത്തോഫിസിഷനാണ്. കൊല്ലം റെയിൽവേ സ്റ്റേഷന് സമീപം ഇദ്ദേഹം സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്കായി ജനറൽ പ്രാക്ടീഷണറായിട്ടാണ് സേവനം ചെയ്യുന്നത്. അതുകൊണ്ട് കൊല്ലം നഗരത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് ഒരു അത്താണിയാണ് ഡോക്ടർ നടത്തുന്ന ഈ ക്ലിനിക്ക്. ഒരു ജനകീയ ഡോക്ടർ എന്ന നിലയിൽ ഡോ. കോശി ജോർജിന്റെ സേവനങ്ങൾ വിലമതിക്കത്തക്കതാണ്.

അഡോറിന് ഡോ. കോശി ജോർജ്ജ് നൽകിയിട്ടുള്ള സേവനങ്ങൾ ഈ താളുകളിൽ രേഖപ്പെടുത്തുക അസാദ്ധ്യമാണ്. ഈ കൂട്ടായ്മ ആരംഭിച്ചതു മുതൽ ഇന്നു വരെയുള്ള എല്ലാ തീരുമാനങ്ങളും എല്ലാ വികസനങ്ങളും ഡോക്ടറുടെ കൈയ്യോപ്പോടുകൂടി മാത്രമാണ്. ഒരു സെക്രട്ടറി എന്ന നിലയിൽ ചിട്ടയായി എല്ലാ കാര്യങ്ങളും അദ്ദേഹം നിർവ്വഹിക്കു

കയുണ്ടായി.മാത്രമല്ല ഈ കാലയളവുവരെയും അദ്ദേഹത്തിൻരെ ഭവനത്തിലാണ് അഡോർ ഓഫീസ് പ്രവർത്തിച്ചത്. കൂടാതെ അഡോറിന്റെ മിക്കവാറും എല്ലാ കൂട്ടായ്മയുടെയും വേദി ഡോക്ടറുടെ ഭവനമായിരുന്നു. അതുകൊണ്ട് തന്നെ ഡോക്ടർ കോശി ജോർജ്ജിനോടും ആദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും വളരെയധികം അഡോർ കടപ്പെട്ടിരിക്കുന്നു. ഇതിനെല്ലാം പ്രേരണയായത് അദ്ദേഹത്തിന്റെ ക്രിസ്തുവിലുള്ള വിശ്വാസവും ദൈവരാജ്യത്തെപ്പറ്റിയുള്ള കാഴ്പ്പാടുമാണ്. അഡോർ സംഘടനയ്ക്കു നൽകിയ എല്ലാ സേവനങ്ങൾക്കും അകമഴിഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു. സർവ്വശക്തനായ ദൈവം ഡോക്ടർ കോശി ജോർജിനെയും കുടുംബത്തേയും കൂടുതലായി അനുഗ്രഹിക്കട്ടെ.

**പുതിയ ഓഫീസ്**

F.C.R.A Account തുടങ്ങുന്നതിനും പുതിയ Office സ്ഥലസൗകര്യം ആവശ്യമായതുകൊണ്ട് കൊല്ലം കരിക്കോട് പ്രൊഫ. ആന്റണി ബെൻ ന്റെ ഒരു കെട്ടിടത്തിന്റെ മുകളിലത്തെ നില അഡോറിന്റെ ഓഫീസ് ഉപയോഗത്തിനായി വാടകയ്ക്ക് 2020 ആഗസ്റ്റ് മാസം മുതൽ എടുക്കുകയുണ്ടായി. ഈ ഓഫീസിന്റെ വാടക തുക അദ്ദേഹം അഡോറിന് സംഭാവന ചെയ്യുന്ന കാര്യവും ഇവിടെ പ്രസ്താവിക്കുന്നു.

## Website

ചില സാങ്കേതിക കാരണങ്ങളാൽ അഡോറിന്റെ വെബ്സൈറ്റ് നഷ്ടപ്പെട്ടതിനാൽ പുതിയ വെബ്സൈറ്റ് അഡ്രസ്സ് എടുക്കുകയും വെബ്സൈറ്റ് രൂപകല്പന നടത്തുകയും ചെയ്തു. **www.adoremission.in** ആണ് പുതിയ വെബ്സൈറ്റ്.

**അഡോർ ഹോസ്റ്റലുകൾ**

നമുക്ക് രണ്ട് ഹോസ്റ്റലുകളാണ് ഉള്ളത്. റായ്ഗഡ ജില്ലയിൽ ജിമിദിപെട്ടയിൽ പെൺകുട്ടികൾക്കുള്ള എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ (ഗേൾസ്)ഹോസ്റ്റൽ, ഇവിടെ നിന്നും 2 കിലോമീറ്റർ അകലെ ജിമിദിപെട്ട റെയിൽവേ സ്റ്റേഷനു സമീപം അഡോർ ബോയ്സ് ഹോസ്റ്റൽ കുട്ടികൾ എല്ലാവരും ആദിവാസി ദളിത് സമൂഹത്തിൽപ്പെട്ടവരാണ്. രണ്ടു ഹോസ്റ്റലുകളുടെയും ഒഡിഷയിലെ അഡോറിന്റെ എല്ലാ സുവിശേഷ പ്രവർത്തനത്തിന്റെ ചുമതല ശ്രീ. പി.സി. ജോൺ നിർവഹിക്കുന്നു.

### ഹോസ്റ്റലുകളുടെ പ്രവർത്തനരീതി

രണ്ടു ഹോസ്റ്റലുകളുടെയും പ്രവർത്തനം ഒരേ രീതിയിലാണ്. കുട്ടികൾ രാവിലെ 5 മണിക്ക് ഉണരുന്നു. പ്രാർത്ഥനയ്ക്ക് ശേഷം 6.30 വരെ ദിനചര്യകൾ. 6.30 മുതൽ 8.30 വരെ പഠന സമയം. 8.30 മുതൽ 9.15 വരെ സ്കൂളിലേക്ക് പോകാനുള്ള ഒരുക്കം. 9.15 ന് പ്രഭാതഭക്ഷണം. 9.50ന് കുട്ടികൾ ഒരുമിച്ച് കൂടി പ്രാർത്ഥിച്ചതിനുശേഷം സ്കൂളിലേക്കു പോകുന്നു. ഉച്ച ഭക്ഷണത്തിനായി 1 മണിക്ക് കുട്ടികൾ ഹോസ്റ്റലിൽ വന്ന് ഭക്ഷണം കഴിച്ചിട്ട് സ്കൂളിലേക്ക് മടങ്ങുന്നു. 4 മണിക്ക് ഹോസ്റ്റലിൽ തിരിച്ചെത്തുമ്പോൾ ലഘു ഭക്ഷണം നൽകുന്നു. തുടർന്ന് കളി, കൃഷി കാര്യങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു. 6 മണിക്ക് സന്ധ്യാപ്രാർത്ഥന ആരംഭിക്കുന്നു. ഒരാൾ പ്രാർത്ഥിച്ചതിനുശേഷം എല്ലാവരും ചേർന്ന് പാട്ടുകൾ പാടിയതിനുശേഷം 30 മിനിറ്റ് ബൈബിൾ പഠനം. 7 മണി മുതൽ 8.15 വരെ പഠിക്കുവാനുള്ള സമയം. 8.15 മുതൽ 9 മണി വരെ അത്താഴം. 9 മണി മുതൽ 10 വരെ വീണ്ടും പഠനം. 10 മണിക്ക് പ്രാർത്ഥന കഴിഞ്ഞ് ഉറങ്ങാനുള്ള സമയം. ആവശ്യമുള്ളവർക്ക് പഠനം തുടരുകയും ചെയ്യാം.

### സണ്ടേസ്കൂളും ആരാധനയും

ഞായറാഴ്ചകളിൽ രാവിലെ പ്രാതൽ കഴിച്ചതിനുശേഷം 8.30 മുതൽ 10.00 മണി വരെ സണ്ടേസ്കൂൾ. അതിനുശേഷം 1.00 മണി വരെ ആരാധന.

എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് മദ്ധ്യസ്ഥ പ്രാർത്ഥന. പല ഗ്രൂപ്പുകളായി പ്രാർത്ഥന നടത്തുന്നു. ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിൽ Youth Movement, Cultural Programme എന്നിവ നടത്തിവരുന്നു.

ദിവസവും രാവിലെ ഓറിയ ന്യൂസ് കുട്ടികളെ കാണിക്കുന്നു. കൂടാതെ എല്ലാ ശനിയാഴ്ചകളിലും റ്റി.വി യിലൂടെ സിനിമ കാണാനുള്ള അവസരവും നൽകുന്നു.

### ഹോസ്റ്റലിലെ ആഹാരക്രമം

ഞായറാഴ്ച രാവിലെ ചപ്പാത്തിയും കടലക്കറിയും. ഉച്ചയ്ക്ക് ചോറ്, സബ്ജി, ഡാൽ. 4.00 മണിക്ക് ലഘുഭക്ഷണം. രാത്രി ചോറ്, മുട്ടക്കറി, സബ്ജി. മറ്റു ദിവസങ്ങളിൽ പ്രാതൽ ഉപ്പുമാവ്, ചൂടാ (ഒറിയൻ ഭക്ഷണം) എന്നിവ മാറി മാറി കൊടുക്കുന്നു. മാസത്തിൽ 2 ദിവസം ചിക്കനും 2 ദിവസം മത്സ്യവും കൊടുക്കുന്നു. വിശേഷദിവസങ്ങളിൽ കൂടുതൽ

വിഭവങ്ങളോടുകൂടി സ്പെഷ്യൽ ഫുഡ് നൽകുന്നുണ്ട്.

**2020–21 അദ്ധ്യയന വർഷം**

കൊറോണ മഹാമാരി ഏറ്റവും അധികം ബാധിച്ചത് ഇൻഡ്യയിലെ പിന്നോക്ക പ്രദേശങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെയാണ്. 8–ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ വർഷം സ്കൂളിൽ പഠനം നടന്നിട്ടില്ല.. നമ്മുടെ ഹോസ്റ്റലിലും കൊറോണ മഹാമാരി മൂലം ഈ വർഷം പുതിയ കുട്ടികളെ ചേർത്തിട്ടില്ല.

9 ഉം 10 ഉം ക്ലാസ്സുകളിലെ കുട്ടികൾക്ക് 2021 ജനുവരി മുതൽ ഏപ്രിൽ 18 വരെ സ്കൂൾ തുറന്ന് പഠനം നടക്കുകയുണ്ടായി. നമ്മുടെ ഹോസ്റ്റലുകൾ ഈ വിദ്യാർത്ഥികൾക്കായി തുറന്ന് സജ്ജമാക്കി കൊടുത്തു. ആകെ 6 പെൺകുട്ടികളും 4 ആൺകുട്ടികളും ഉൾപ്പെടെ 10 കുട്ടികൾ മാത്രമായിരുന്നു. ഞായറാഴ്ച ദിവസങ്ങളിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി. ഈ വർഷം നമ്മുടെ Rinku, Takrin എന്ന വിദ്യാർത്ഥികൾ സ്കോളർഷിപ്പ് യോഗ്യതാ പരീക്ഷ പാസ്സായി.

നമ്മുടെ സ്റ്റാഫ് അംഗങ്ങൾ ഹോസ്റ്റൽ അംഗങ്ങളുടെ ഗ്രാമങ്ങൾ സന്ദർശിച്ച് സ്നേഹാന്വേഷണങ്ങൾ നടത്തുകയുണ്ടായി.

**എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ (ഗേൾസ്) ഹോസ്റ്റൽ**

ജിമിഡി പെട്ടയിലെ ഗേൾസ് ഹോസ്റ്റലിൽ ആദിവാസി-ദളിത് സമൂഹത്തിൽപ്പെട്ട 44 പെൺകുട്ടികൾ താമസിക്കുന്നു. അടുത്തുള്ള ജിമിദി പെട്ട കലിംഗാ ഹൈസ്കൂളിലാണ് ഇവർ പഠിക്കുന്നത്. 2–ാം ക്ലാസ് മുതൽ 10–ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളാണ് ഉള്ളത്. ഈ ഹോസ്റ്റലിന്റെ വാർഡനായി ശ്രീമതി. ജോളിജോൺ പ്രവർത്തിക്കുന്നു.

**അഡോർ ബോയ്സ് ഹോസ്റ്റൽ പ്രവർത്തനങ്ങൾ**

ജിമിദിപ്പെട്ടയിൽ നിന്നും 2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന ഗ്രാമത്തിലാണ് ഈ ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. അഡോർ ഹോസ്റ്റലിലെ പൂർവ്വ വിദ്യാർത്ഥി ശ്രീ. ടി.ഗാഗുലു ഹോസ്റ്റൽ വാർഡനായി കുടുംബസമേതം ഇവിടെ താമസിച്ച് സേവനം ചെയ്യുന്നു. റായ്ഡ ജില്ലയിലെ ഉൾഗ്രാമങ്ങളിൽ നിന്നുള്ള ആദിവാസി ദളിത് വിഭാഗത്തിൽപ്പെട്ട 16 ആൺകുട്ടികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നു. 2–ാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെ പഠിക്കുന്നവരാണ് ഇവർ.

**കൃഷികാര്യങ്ങൾ**

ഗേൾസ് ഹോസ്റ്റലിന് ഏകദേശം 2 ഏക്കറോളവും ബോയ്സ് ഹോസ്റ്റലിന് 60 സെന്റ് സ്ഥലവുമുണ്ട്. അതിൽ മാവ്, നാരകം, പ്ലാവ്, കശുമാവ്, സപ്പോട്ടാ, പേര, വാഴ തുടങ്ങിയവ നട്ട് പിടിപ്പിച്ചിട്ടുണ്ട്. അവയിൽ നിന്ന് കായ്ഫലങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ പച്ചക്കറികളും കൃഷി ചെയ്തിട്ടുണ്ട്. കുട്ടികൾ കൃഷി കാര്യങ്ങളിൽ തൽപരരാണ്. ഈ വർഷം കശുമാവിൽ നിന്നും 300 കിലോ കശുവണ്ടി ലഭിച്ചു. ഈ വർഷം 5 കശുമാവ് ഉണങ്ങിപ്പോവുകയും സമീപ വാസികളുടെ അശ്രദ്ധമൂലം നമ്മുടെ സ്ഥലത്തിലെ ഒരു വശത്തുള്ള മരങ്ങൾ അഗ്നിക്കിരയാവുകയും ചെയ്തു. കൂടാതെ നമ്മുടെ പോസ്റ്റലിൽ ഇപ്പോൾ 3 പശുക്കളും ഒരു പശുക്കിടാവുമുണ്ട്. ഹോസ്റ്റലിലേയ്ക്ക് ആവശ്യമുള്ള പാൽ ഇവയിൽ നിന്ന് ലഭിക്കുന്നുണ്ട്.

**ഗ്രാമശാക്തീകരണ പ്രവർത്തനങ്ങൾ**

നമ്മുടെ ഹോസ്റ്റലിന്റെ സമീപമുള്ള ഗ്രാമങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വേല ആരംഭിച്ചുവെന്ന് കഴിഞ്ഞ പ്രവർത്തന റിപ്പോർട്ടിൽ സൂചിപ്പിക്കുകയുണ്ടായിരുന്നല്ലോ. ഈ വർഷം ഇത് വളരെ ശക്തമായി മുന്നോട്ടു പോകുന്നതിന് സാധിച്ചു. ഈ വർഷത്തെ പ്രവർത്തന മേഖലയായി തെരഞ്ഞെടുത്തത് അബാഗുഡാ (Abaguda) ടെലിസു (Telisu) എന്നീ ഗ്രാമങ്ങളെയാണ്. വളരെ ചെറിയ കുട്ടികൾക്ക് പ്രത്യേക ശിക്ഷണം, മുതിർന്നവരുടെ സാക്ഷരത, ആരോഗ്യം ശുചീകണ അവബോധം, ധാർമ്മികവും, സാമൂഹികവും, പാരിസ്ഥിതികവുമായ അവബോധം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ഇതിൽ ഈ വർഷം കുട്ടികൾക്കുള്ള ശിക്ഷണവും മുതിർന്നവരുടെ ഇടയിലെ സാക്ഷരത പ്രവർത്തനവും ഒരു വിധം ക്രമമായി നടക്കുന്നു. മിറിച്ചപാഡി (Mirichapandu) ആനന്ദപൂർ (Abnadapur), സുരുണി (Suruni) എന്നീ ഗ്രാമങ്ങളിലും വളരെ പരിമിതമായ തലത്തിൽ ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ആബ്ഗുഡാഗ്രാമം**

ജിമിദിപെട്ടയിൽ നിന്ന് ഏകദേശം 16 കി.മി. ദൂരെ ആന്ധ്രാ ബോർഡറിൽ സ്ഥിതി ചെയ്യുന്ന വനമേഖലയിൽപെടുന്ന ഒരു കൊച്ചു

ഗ്രാമമാണ് ആബ്ഗുഡാ. കൊന്തവർഗ്ഗത്തിൽപ്പെട്ട ആദിവാസികളാണ് ഇവിടെയുള്ളത്. 12 കി.മീ വാഹനത്തിൽ പോയിട്ട്4 കി.മീ. നടപ്പാതയിലൂടെ യാത്ര ചെയ്തിട്ടാണ് ഇവിടെ എത്തുന്നത്. 18 വീടുകളിലായി 40 പേർ താമസിക്കുന്നു. ശരിയായ റോഡില്ല. വൈദ്യുതി കണക്ഷൻ നിലവിലുണ്ട്. പക്ഷേ ആഴ്ചയിൽ ഒരിക്കൽ വൈദ്യുതി ലഭിച്ചാലായി. എല്ലാ വീടുകൾക്കും കക്കൂസുകൾ ഉണ്ടെങ്കിലും കൃഷി സംബന്ധമായ സംഭരണത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. 5000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണി സൗരോർജ്ജത്തിൽ 2021 മാർച്ച് മാസത്തിൽ ആരംഭിച്ചു.

ഈ ഗ്രാമത്തിൽ 20 പേർക്കേ സാരക്ഷരത ഉള്ളൂ. കൊച്ചു കുട്ടികളുടെ ശിക്ഷണത്തിന്റെ ഭാഗമായി ഇവിടെ 17 കുട്ടികൾക്ക് ക്ലാസ് നൽകി വരുന്നു. പഠനോപകരണങ്ങൾ അഡോറിൽ നിന്ന് കൊടുക്കുന്നു. ഇപ്പോൾ കുമാരി ജമന്തി എന്ന പെൺകുട്ടിയെ ഈ ഗ്രാമത്തിലെ കുട്ടികളുടെ ശിക്ഷണത്തിനും സാക്ഷരത പ്രവർത്തനത്തിനും ഏർപ്പാടാക്കിയിട്ടുണ്ട്. ആഴ്ചയിൽ ഒരിക്കൽ നമ്മുടെ ഒരു ടീം ഇവിടെ സന്ദർശിച്ച് ഗ്രാമ വിപുലീകരണപ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 10–ാം ക്ലാസ്സ് പാസ്സായ ഏകവ്യക്തിയായ അഡോറിന്റെ പൂർവ്വ വിദ്യാർത്ഥിനി ശ്രീമതി കുമന്തി ഉൽളകാ പ്രവർത്തനത്തിൽ സഹായിക്കുന്നു.

**ടെലിസു ഗ്രാമം**

ജിമിദിപെട്ടയിൽ നിന്ന് 4 കി.മീ അകലെ നാലുചുറ്റും വനത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് ടെലിസു. ഇവിടെ ഒരു അംഗൻവാടി, 1 മുതൽ 5 വരെ ക്ലാസ്സുകൾ നടക്കുന്ന ഒരു സ്കൂളുമുണ്ട്. ഈ സ്കൂളിൽ 2 അദ്ധ്യാപകർ ഉണ്ടെങ്കിലും ഈ സ്കൂൾ നാമമാത്രമായി നടക്കുന്നു. 20 വീട്ടുകാരുള്ള ഈ ഗ്രാമത്തിൽ വെള്ളത്തിന് 3 കുഴൽ കിണറുകളെ ആശ്രയിക്കുന്നു. വൈദ്യുതി ഈ ഗ്രാമത്തിൽ എത്തിയിട്ടുണ്ടെങ്കിലും വനമേഖലയായതിനാൽ പലപ്പോഴും ലഭിക്കാറില്ല. കൊന്ത ആദിവാസി വർഗ്ഗത്തിൽപ്പെട്ട 84 പേർ താമസിക്കുന്നു. ഇതിൽ 43 പേർ നിരക്ഷരർ ആണ്. 20 കുട്ടികൾക്ക് അഡോറിന്റെ പ്രവർത്തനത്തിൽ കൂടി പ്രത്യേക പഠനം നടത്തുന്നു. ഇവരുടെ പഠനത്തിനാവശ്യമായ നോട്ടു ബുക്കുകൾ, സ്ലെയിറ്റുകൾ, പെൻസിലുകൾ, ബ്ലാക്ക് ബോർഡ് മുതലായവ അഡോർ നൽകി സഹായിക്കുന്നു. കൂടാതെ വിദ്യാർത്ഥികളുടെ രാത്രികാല പഠന

ത്തിനായി ഒരു സോളാർ ലൈറ്റ് സംഭാവന നൽകുകയും ചെയ്തു. കുട്ടികളുടെ പഠനത്തിന് നേതൃത്വം നൽകുന്നത് ശ്രീ. ബുറുസ പുലാ (Bhurusa Puala) കുമാരി നമിതാ ടാഡിൻസി (Namita Tadingi)എന്നിവരാണ്. നമ്മുടെ ടീം ഇവിടെയും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**ശ്രീ. ജോയൽ ജോൺ**

ശ്രീ. പി.സി. ജോണിന്റെ മകൻ ശ്രീ. ജോയൽ ജോൺ അഡോർ ഹോസ്റ്റലിൽ താമസിക്കുകയും എല്ലാ പ്രവർത്തനങ്ങളിലും ശ്രീ. പി.സി. ജോണിന്റെ സഹായിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു. ശ്രീ. ജോയൽ ജോൺ ബി. ടെക് പൂർത്തീകരിച്ച് റായ്ഗഡക്കു സമീപമുള്ള ജെ.കെ. കമ്പനിയിൽ ട്രെയിനിയായി ജോലി നോക്കുന്നു. ശ്രീ. ജോയലിന്റെ സാന്നിദ്ധ്യം അഡോറിന്റെ പ്രവർത്തനത്തിന് വളരെയധികം പ്രയോജനകരമാണ്. ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എസ്.കെ. എബ്രഹാം മെമ്മോറിയൽ ഹോസ്റ്റലിനു സമീപമുള്ള കലിംഗാ ഹൈസ്ക്കൂളിലെ അദ്ധ്യാപികയായ കുമാരി ജനുമാല മന്തിരി (Jhunnubala Mantry) നമ്മുടെ ഹോസ്റ്റലിൽ താമസിക്കുകയും കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ ഗ്രാമസന്ദർശനങ്ങളിലും കുമാരി ജനുമാല ചില ദിവസങ്ങളിൽ പങ്കെടുക്കുന്നുമുണ്ട്. ശ്രീമതി ലക്ഷ്മി ആണ് അഡോർ ഹോസ്റ്റലിലെ പാചകത്തിൽ സഹായിക്കുന്നത്.

**റിപ്പോർട്ട് വർഷത്തിലെ സാമ്പത്തികം**

ഈ സാമ്പത്തിക വർഷത്തിലെ സാമ്പത്തീക താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| മുൻ നീക്കിബാക്കി | - | Rs. 9,70,257.87 |
| ആകെ വരവ് | - | Rs. 29,45,018.87 |
| ആകെ ചെലവ് | - | Rs. 18,36,577.74 |
| ആകെ നീക്കി ബാക്കി | - | Rs. 11,08,441.13 |

തന്നാണ്ടിൽ സ്പോൺസർഷിപ്പിലൂടെയും, സംഭാവനകളിലൂടെയും 10,56,57 രൂപയും, കൃഷിയിൽ നിന്നുള്ള വരുമാനം 71,339 രൂപയും ലഭിച്ചു.

സംഭാവനയും സ്പോൺസർഷിപ്പും നൽകി അഡോറിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാ പ്രിയപ്പെട്ടവരോടും ഉള്ള നന്ദി ഈ സമയത്ത് അറിയിക്കുന്നു.

**ഉപസംഹാരം**

കൊറോണ മഹാമാരിയെ പരാമർശിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് ആരംഭിച്ചത്. ഇതു മൂലം ഏറ്റവും പ്രശ്നം നേരിടുന്നതു പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാഭ്യാസത്തെയാണ്. ലോകരാജ്യങ്ങളിൽ മുഴുവൻ സംക്രമിച്ചു കൊണ്ടിരിക്കുന്ന ഈ മഹാമാരിയിൽ നിന്ന് സൃഷ്ടി മുഴുവനും മോചനം പ്രാപിക്കുന്നതിനുവേണ്ടി നമുക്ക് യാചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

സ്വദേശത്തും വിദേശത്തും ഉള്ള അനവധി സ്നേഹിതർ പ്രാർത്ഥനയിൽ കൂടിയും സാമ്പത്തിക സഹകരണത്തിൽ കൂടിയും അഡോറിന്റെ സുവിശേഷപ്രവർത്തനത്തെ സഹായിക്കുന്നുണ്ട്. എല്ലാവരോടുമുള്ള അകമഴിഞ്ഞ സ്നേഹവും നന്ദിയും അറിയിക്കുന്നു. സമൂഹം അവഗണിക്കുകയും തിരസ്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു പറ്റം ആദിവാസി ദളിത് സമൂഹത്തിലെ കുഞ്ഞുങ്ങളെ അക്ഷരത്തിന്റെ ലോകത്തിലേക്ക് കടത്തി കൊണ്ടുവരുവാനും അവരെ ആത്മീകമായി പരിപോഷിപ്പിക്കുവാനും അച്ചടക്കവും പൗരബോധവുമുള്ള വ്യക്തികളാക്കി മാറ്റി എടുക്കുവാനും ദൈവം സഹായിച്ചു കൊണ്ടിരിക്കുന്നു. അതിന് അഡോറിനോടൊപ്പം പങ്കാളികളായി തീർന്ന എല്ലാ സഹകാരികളോടും ഒന്നു കൂടി നന്ദി അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു. സർവശക്തനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന്,

അഡോറിന് വേണ്ടി

**Jacob Easow**

**Secretary, Adore**

കൊല്ലം

01.08.2021

# I. Sponsors

## List of Donors to Adore 2020 - 21

| S.No. | Name | Amount |
|---|---|---|
| 1 | Binu Daniel, Kundara | 10000 |
| 2 | Seba A Koruthu, Kollam | 10000 |
| 3 | Koruthu Samuel, Kollam | 10000 |
| 4 | Mathew John, Baharin | 11250 |
| 5 | Varghese Mathai, Kolkata | 12500 |
| 6 | Sunu Mariam George, UK | 10000 |
| 7 | Jacob George, UK | 20274 |
| 8 | I K Iype, Kollam | 10000 |
| 9 | Jacob Easow, Kollam | 12000 |
| 10 | Dr Usha Thomas, Kollam | 10000 |
| 11 | Dr Anna Jacob, Kollam | 10000 |
| 12 | Dr Ammu Susanna Jacob, Kollam | 10000 |
| 13 | Agin George Chackacheri, Kollam | 10000 |
| 14 | Beena L Varghese, Mumbai | 15000 |
| 15 | Dr Abou J Kurian, Mavelikara | 10000 |
| 16 | John Kurian, Mavelikara | 10000 |
| 17 | Agy Antony, Trivandrum | 10000 |
| 18 | Vinod Daniel, Dubai | 25000 |
| 19 | V Kuruvila, Ahamedabad | 10000 |
| 20 | Shibu Koshy, UAE | 10000 |
| 21 | Antony Ben, Kollam | 10000 |
| 22 | Mariamma John, TX-USA | 14750 |
| 23 | Paul Varghese, Boston USA | 10000 |
| 24 | Litten Varghese Itty, Mavelikara | 10000 |
| 25 | John Varghese, USA | 15000 |
| 26 | Pappy T Mathew, USA | 20000 |
| 27 | Dr Tony Mathew & Jacqualine Mathew USA | 20000 |
| 28 | K M Varghese, Pathanamthitta | 10000 |
| 29 | John Rajan, Chennai | 10000 |
| 30 | Robin Mathew, Banglore | 10000 |
| 31 | Thomas Varghese, TX-USA | 15000 |
| 32 | Mathew C Varghese, TX-USA | 15000 |
| 33 | Yohanan Varghese, Newyork | 10000 |
| 34 | Mathai Ninan, Mavelikara | 10000 |
| 35 | Jinu Mary John, Pathanamthitta | 10000 |
| 36 | K M Yohanan, NY-USA | 25000 |
| 37 | Sam Varghese, Kollam | 10000 |
| 38 | Abraham Koshy, Maramon | 10000 |

| S.No. | Name | Amount |
| --- | --- | --- |
| 39 | Litty Koshy, Maramon | 10000 |
| 40 | Anish Mathew Koshy, Sharjah UAE | 20000 |
| 41 | Arun Varghese, Banglore | 10000 |
| 42 | Mathew Vaidyan A, Chennai | 10000 |
| 43 | S Raju, Pathanamthitta | 10000 |
| 44 | Aju John, Kollam | 10000 |
| 45 | Dr Koshy George , Kollam | 10000 |
| 46 | Roy Cherian, Mavelikara | 10000 |
| 47 | Mathew John, Baharin | 15084 |
| 48 | Alexander Rohan John, USA | 14371 |
| 49 | Ajith Thomas George, Doha , Qatar | 15000 |
| | | **605229** |
| | **TOTAL** | **658,640.00** |

## II. Donations

| S.No. | Name | Amount |
| --- | --- | --- |
| 1 | John Cherian,Kollam | 5000 |
| 2 | Dr Susan P T,Kollam | 5000 |
| 3 | S Yohannan,Mavelikara | 1000 |
| 4 | Vineeth Stanly,Kolkata | 1000 |
| 5 | V P Abraham,Kolkata | 500 |
| 6 | K O Samuel,Kolkata | 3000 |
| 7 | Abraham Zachariah,Kolkata | 1000 |
| 8 | Zachariah Mathew,Kolkata | 500 |
| 9 | Oomman Philip,Kottayam | 1000 |
| 10 | John C Eapen,Chennai | 5000 |
| 11 | Achiamma Samuel,Kollam | 1000 |
| 12 | Well Wisher | 2000 |
| 13 | Steffin V Cherian | 10000 |
| 14 | Koshy Philip,Mavelikara | 1000 |
| 15 | Rajesh Mathew,USA | 9500 |
| 16 | Mathew Vaidian,Chennai | 2000 |
| 17 | Annie John | 2000 |
| 18 | Prof Y Oomman,Mavelikara | 5000 |

| S.No. | Name | Amount |
|---|---|---|
| 19 | Ohio Malayalee Congregation | 21779 |
| 20 | Kurian George,Maharashtra | 2000 |
| 21 | Leelamma Daniel,TX-USA | 12250 |
| 22 | Mani Zachariah,Kollam | 10000 |
| 23 | Libu Mathew,Sooranad(N) | 300 |
| 24 | Vijayamma T K,Puramattom | 2000 |
| 25 | John Cherian,Kollam | 5000 |
| 26 | Dr Susan P T,Kollam | 5000 |
| 27 | Merlyn Judy,Kollam | 5000 |
| | | **1188290** |

## III. Special Food

| S.No. | Name | Amount |
|---|---|---|
| 1 | Pappy T Mathew,USA | 20000 |
| 2 | Joel M Jacob,Othera(W) | 10000 |
| | | **30000** |

## IV. Building Maintanence Fund

| S.No. | Name | Amount |
|---|---|---|
| 1 | Binu Varghese,Mavelikara | 5000 |
| 2 | Abraham Samuel,TX-USA | 37470 |
| 3 | Jacob Easow,Kollam | 10000 |
| 4 | A V Itty,Mavelikara | 10000 |
| 5 | Ani Karthikeyan,Mavelikara | 10000 |
| | | **72470** |

## V. Gouriswary Treatment Fund

| S.No. | Name | Amount |
|---|---|---|
| 1 | V Kuruvila,Ahamedabad | 5000 |
| 2 | A V Itty,Mavelikara | 5000 |
| 3 | Jacob Easow,Kollam | 5000 |
| 4 | Monachan Thomas,USA | 5000 |
| 5 | Koruthu Samuel,Kollam | 5000 |
| 6 | P O Sunny,Kollam | 3000 |
| | | **28000** |

## VI. Kessia Marriage Aid

| S.No. | Name | Amount |
|---|---|---|
| 1 | Arun Varghese,Banglore | 10000 |
| 2 | Litten Varghese Itty,Mavelikara | 10000 |
| 3 | Pappy T Mathew,USA | 10000 |
| 4 | A V Itty,Mavelikara | 10000 |
| 5 | Dr Koshy George ,Kollam | 5000 |
| 6 | Monachan Thomas,USA | 10000 |
| 7 | P O Sunny,Kollam | 5000 |
| 8 | Thomas Daniel,Kollam | 5000 |
| 9 | Jacob Easow,Kollam | 20000 |
| 10 | Koruthu Samuel,Kollam | 10000 |
| 11 | K J John,Kollam | 5000 |
| | | **100000** |

## VII. Sponsership Of Assets

| S.No. | Name | Amount |
|---|---|---|
| 1 | Jacob Easow,Kollam(Solar Lantern) | **1999** |

## VIII. Sponsership Endowment

| S.No. | Name | Amount |
|---|---|---|
| 1 | Jikku John Mathew & Deepa George, UAE | **100000** |

## Memorial Sponsership Endowment

| Sl. No. | Memorial Sponsorship | Endow-ment Amt | Instituted By |
|---|---|---|---|
| 1 | Mr Justin Joy | 100000 | Mrs.&Mr Joy Mathew E-25,Sapna Nagar, Gandhidham, Kutch, Gujarat - 370201 |
| 2 | Mr P T Chacko & Mrs Rosamma Chacko Pallathu | 101675 | Mr Jogi John NJ,USA |
| 3 | Mr T P Mathew | 100000 | Mr Varghese Mathew, Chennai |
| 4 | Mr M O John & Mrs Baby John | 100000 | Mr Jogi John Mangalasseril House, Rohini Gardens, Eraviperror, Thiruvalla-689542 |

## Endowment

| Sl. No. | Memorial Sponsorship | Endowment Amount | Instituted By |
|---|---|---|---|
| 1 | Mr M Samuel & Mrs Aleyamma Samuel Edavana Thekkathil | 25000 (First Installment Of Endowment Rs.100000) | Mr John Samuel & Mrs Sheeba John Edavana Thekkathil Horeb,Kunnom P.O Mavelikkara Alappuzha |

## Endowment

| | | | |
|---|---|---|---|
| 1 | Jikku John Mathew & Deepa George,UAE | 100000 | |

**AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION**

**RECEIPTS & PAYMENTS ACCOUNT FOR THE YEAR ENDED 31.03.2021**

| | Receipts | | Amount (Rs.) |
|---|---|---|---|
| To | **Opening Balance:** | | |
| | Cash in Hand | 17,735.71 | |
| | **Cash at Bank** | | |
| | Quilon Co Operatuve Urban Bank Ltd. | 1,14,554.00 | |
| | State Bank Od India-0126 | 8,11,351.56 | |
| | State Bank Of India-5761 | 3,260.17 | |
| | State Bank Of India-7663 | 23,356.43 | 9,70,257.87 |
| To | Donation Received | 10,56,527.00 | |
| " | Hostel Fee | 1,500.00 | |
| " | Membership Fee | 100.00 | |
| " | Sale Of Calf | 4,000.00 | |
| " | Agricultural Income | 71,339.00 | |
| " | Insurance Claim Received | 24,000.00 | |
| " | Interest Received | 2,18,702.00 | 13,76,168.00 |
| " | Fixed Deposit | | |
| | FD No 4492 | 1,40,825.00 | |
| | FD No 10674 | 4,57,768.00 | 5,98,593.00 |
| | | | 29,45,018.87 |

| | Payments | | Amount (Rs.) |
|---|---|---|---|
| By | Accounting Charges | 3,570.00 | |
| " | Audit Fee | 5,950.00 | |
| " | Bank Charges | 484.74 | |
| " | Food And Groceries | 1,76,684.00 | |
| " | Salaries And Allowances | 2,09,500.00 | |
| " | Insurance | 41,970.00 | |
| " | Education Expenses | 20,000.00 | |
| " | Medical Expenses | 30,466.00 | |
| " | Animal Expenses | 34,700.00 | |
| " | Agricultural Expenses | 3,537.00 | |
| " | Fuel Charges | 28,464.00 | |
| " | Legal Charges | 24,000.00 | |
| " | Donation | 1,00,000.00 | |
| " | Electricity Charges | 21,442.00 | |
| " | Rent Expenses | 11,000.00 | |
| " | Telephone And Internet Charges | 15,966.00 | |
| " | Repairs And Maintenance | 1,02,300.00 | |
| " | Printing And Stationery | 23,862.00 | |
| " | Postage Expenses | 8,599.00 | |
| " | Rates And Taxes | 232.00 | |
| " | Support to ex-employee's family | 18,852.00 | 8,81,578.74 |
| " | Fixed Deposit | | |
| | FD No 30690/M | 1,00,000.00 | |
| | FD No 30840/M | 5,00,000.00 | |
| | FD No 30929/M | 1,00,000.00 | |
| | FD No 30958/M | 1,50,000.00 | 8,50,000.00 |
| " | Advance | | 1,00,000.00 |
| " | Purchase of Fixed Assets | | 4,999.00 |
| By | **Closing Balances** | | |
| | **Cash At Bank** | | |
| | Quilon Co Operatuve Urban Bank Ltd. | 1,06,607.00 | |
| | State Bank Od India-0126 | 8,74,327.56 | |
| | State Bank Of India-5761 | 10,054.17 | |
| | State Bank Of India-7663 | 64,082.69 | |
| | Pattathanam Cooperative Bank 8106 | 17,177.00 | |
| | **Cash in hand** | 36,192.71 | 11,08,441.13 |
| | | | 29,45,018.87 |

*Annexure to our report of even date*

Place: Kollam
Date:27/07/2021

President Secretary Treasurer

For JRS & Co.
CHARTERED ACCOUNTANTS

J R S & Co. CHARTERED ACCOUNTANTS KOLLAM

JAMU JAHAMGHEER FCA
PARTNER
M. No. 221098 FR No. 0080353

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION

### INCOME & EXPENDITURE ACCOUNT FOR THE YEAR ENDED 31.03.2021

| | Expenditure | Amount (Rs.) | | Incomes | Amount (Rs.) |
|---|---|---|---|---|---|
| To | Accounting Charges | 3,570.00 | By | Donation Received | 10,56,527.00 |
| " | Audit Fee | 5,950.00 | " | Hostel Fee | 1,500.00 |
| " | Bank Charges | 484.74 | " | Agricultural Income | 71,339.00 |
| " | Food And Groceries | 1,76,684.00 | " | Membership Fee | 100.00 |
| " | Salaries And Allowances | 2,13,500.00 | " | Insurance Claim received | 24,000.00 |
| " | Insurance | 41,970.00 | " | Interest Received | 2,67,504.00 |
| " | Education Expenses | 20,000.00 | | | |
| " | Medical Expenses | 30,466.00 | | | |
| " | Animal Expenses | 34,700.00 | | | |
| " | Agricultural Expenses | 3,537.00 | | | |
| " | Fuel Charges | 28,464.00 | | | |
| " | Legal Charges | 24,000.00 | | | |
| " | Donation | 1,00,000.00 | | | |
| " | Electricity Charges | 21,442.00 | | | |
| " | Rent Expenses | 11,000.00 | | | |
| " | Telephone And Internet Charges | 15,966.00 | | | |
| " | Repairs And Maintenance | 1,02,300.00 | | | |
| " | Printing And Stationery | 23,862.00 | | | |
| " | Postage Expenses | 8,599.00 | | | |
| " | Rates And Taxes | 232.00 | | | |
| " | Support to ex-employee's family | 18,852.00 | | | |
| " | Depreciation | 1,00,793.69 | | | |
| " | Excess of Income over Expenditure | 4,34,597.57 | | | |
| | | 14,20,970.00 | | | 14,20,970.00 |

*Annexure to our report of even date*

Place: Kollam
Date:27/07/2021

President Secretary Treasurer

For JRS & Co.
CHARTERED ACCOUNTANTS

JAMU JAHAMGHEER FCA
PARTNER
M. No. 221099 FR No. 008025S

J R S & Co. KOLLAM CHARTERED ACCOUNTANTS

**AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION**

**Balance Sheet as at 31/03/2021**

| Liabilites | | Amount | Assets | | Amount |
|---|---|---|---|---|---|
| **Capital Fund** | | | Fixed Assets | | 18,91,639.57 |
| As per last B/S | 31,16,640.13 | | | | |
| Add: Excess of Income over Expenditure | 4,34,597.57 | | **Fund Investments** | | |
| | 35,51,237.70 | | Fixed Deposit with banks | | 26,37,294.00 |
| Less:Transfer to Fund Account | 1,00,000.00 | 34,51,237.70 | | | |
| | | | **Current assets** | | |
| **Fund Account** | | | TDS | | 1,140.00 |
| As per Last B/S | 21,96,924.00 | | Advanes | | 96,000.00 |
| Add:Transfer from Capital Fund | 1,00,000.00 | 22,96,924.00 | Accrued Interest | | 13,647.00 |
| | | | **Cash at Bank** | | |
| | | | Quilon Co-Operative urban Bank Ltd. | 1,06,607.00 | |
| | | | State Bank of India-0126 | 8,74,327.56 | |
| | | | State Bank Of India-5761 | 10,054.17 | |
| | | | State Bank Of India-7663 | 64,082.69 | |
| | | | Pattathanam Cooperative Bank 8106 | 17,177.00 | 10,72,248.42 |
| | | | Cash in hand | | 36,192.71 |
| | | 57,48,161.70 | | | 57,48,161.70 |

*Annexure to our report of even date*

Place: Kollam
Date: 27/07/2021

President　　Secretary　　Treasurer

For JRS & Co.
CHARTERED ACCOUNTANTS

JRS & Co. * CHARTERED ACCOUNTANTS * KOLLAM

JAMU JAHAMGHEER FCA
PARTNER
M. No. 221098 FR No. 008085S

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION

### Schedule of Fixed Assets as on 31/03/2021

| Particulars | W D V as on 1/04/2020 | Rate | Additions | | Deletions | Total | Depreciation | W D V as on 31/03/2021 |
|---|---|---|---|---|---|---|---|---|
| | | | Before 30.09.2020 | After 30.09.2020 | | | | |
| Land | 6,96,926.00 | 0% | | | | 6,96,926.00 | - | 6,96,926.00 |
| Tube Well | 508.77 | 10% | | | | 508.77 | 50.88 | 457.89 |
| Steel Racks | 18.36 | 10% | | | | 18.36 | 1.84 | 16.52 |
| Furniture and fittings | 23,201.55 | 10% | | | | 23,201.55 | 2,320.16 | 20,881.39 |
| Musical Instruments | 145.53 | 10% | | | | 145.53 | 14.55 | 130.98 |
| Hostel Building | 8,17,718.82 | 5% | | | | 8,17,718.82 | 40,885.94 | 7,76,832.88 |
| Cycles | 112.96 | 15% | | | | 112.96 | 16.94 | 96.02 |
| Library Books | 69.10 | 15% | | | | 69.10 | 10.37 | 58.73 |
| Mini Van Mahindra -X | 3,79,287.17 | 15% | | | | 3,79,287.17 | 56,893.08 | 3,22,394.09 |
| Livestock | 73,446.00 | 0% | | | 4,000.00 | 69,446.00 | - | 69,446.00 |
| Printer | - | 15% | 3,000.00 | - | - | 3,000.00 | 450.00 | 2,550.00 |
| Solar Lantern | - | 15% | - | 1,999.00 | - | 1,999.00 | 149.93 | 1,849.07 |
| **Total** | **19,91,434.26** | | **3,000.00** | **1,999.00** | **4,000.00** | **19,92,433.26** | **1,00,793.69** | **18,91,639.57** |

J R S & Co. CHARTERED ACCOUNTANTS KOLLAM

J R S & Co.
CHARTERED ACCOUNTANTS

2nd Floor, Vaidya Towers
Residency Road, Chinnakada
Kollam - 691 001
Phone : 0474 - 2744530
E-mail : jayakumar@jrsca.com
jrsassoc@bsnl.in
jkjrsca@gmail.com

# FORM No. 10B

*[See rule 17B]*

## Audit report under section 12A(b) of the Income-tax Act, 1961, in the case of charitable or religious trusts or institutions

We have audited the attached Balance sheet of “Agency for Development of Oppressed through Relief and Education” as on 31-03-2021 and the Income and Expenditure Account for the year ended on that date which is in agreement with the books of account maintained by the said Trust or institution.

We have obtained all the information and explanations which to the best of our knowledge and belief were necessary for the purposes of the audit. In our opinion, proper books of account have been kept by the head office and the branches of the abovenamed trust/institution visited by us so far as appears from our examination of the books, and proper Returns adequate for the purposes of audit have been received from branches not visited by us, subject to the comments given below.

In our opinion and to the best of our information, and according to information given to us, the said accounts give a true and fair view-

i. in the case of the balance sheet, of the state of affairs of the above named trust/institution as at 31/03/2021 and

ii. in the case of the Income and Expenditure Account, of the Excess of Income over Expenditure of its accounting year ending on 31/03/2021.

**UDIN : 20025035AAAACQ3584**

**For JRS & Co.**
**CHARTERED ACCOUNTANTS**

**Jamu Jahamgheer FCA**
**Partner**
**M. No. 221098 FR No. 0080858**

Place : KOLLAM
Date : 27/07/2021

Head Office : 2nd Floor, The Monarch, P.T.Usha Road, Kochi - 682011.
Phone : 0484 -2373227,2371203 Fax : 0484 - 4040754, E-mail : jrskochi@jrsca.com
Branches : (1) TC 23/59 PNRA B-15, Ambalamukku, Kowdiar, Trivandrum - 695003
Phone : 0471 - 2431300 E-mail : jrstvm@gmail.com, jrstvm@jrsca.com
(2) Shivashakti Arcade, No. - 170, First Floor CQAL Layout, Block - B, Sahakar Nagar, Bangalore - 560092

# ADORE

Agency for the Development of the Oppressed
Through Relief and Education (ADORE)

Adore, Vilayil, TKMC P.O., Kollam PIN : 691005
Email:adoremission@gmail.com
Website: www.adoremission.org     www.adoremission.in

For Indian Accounts: A/C no.57034230126.
SBI BISHOP JEROME NAGAR KOLLAM. IFS CODE. SBIN0070054
For Outside Indian Accounts: FCRA A/C Details.
Accout No. 00000040107456931
Nature of Account: FCRA- Savings Bank Account INR
Branch Name & Code: New Delhi Main Branch (00691)
SWIFT CODE : SBININBB104

## SPONSORSHIP FORM

I Would like to be a sponsor of ____________________ student (s). I promise to pay Rs. 10,000.00 (Rupees Ten Thousand only) per student per year towards the sponsorship charges. I also promise to pray regularly for the Adore Mission and ministry.

| | |
|---|---|
| **Name** | |
| **Address** | **Postcode :** |
| **Phone No:** | |
| **Email** | |
| **Signature & Date** | |

# എങ്ങനെ പങ്കാളികളാകാം...

1. ഒരു കുട്ടിയെ സ്പോൺസർ ചെയ്യുന്നതിലൂടെ (ഒരു വർഷത്തെ സ്പോൺസർഷിപ്പ് തുകയായ് 10,000/- രൂപ ഒന്നിച്ചോ തവണകളായോ നൽകാവുന്നതാണ്.)

2. കുടുംബങ്ങളാട് ബന്ധപ്പെട്ടുള്ള വിശേഷ അവസരങ്ങളിൽ (ഉദാ: ജന്മദിന വാർഷികം, വിവാഹ വാർഷികം തുടങ്ങിയ വിശേഷ അവസരങ്ങളിൽ) ഈ കുട്ടികൾക്ക് ഒരു Special Meal Sponsor ചെയ്യാവുന്നതാണ്.

3. അവസരം കിട്ടുമ്പോൾ ഹോസ്റ്റൽ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നേരിൽ കണ്ട് പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്.

4. അഡോർ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

**AGENCY FOR DEVELOPMENT OF OPPRESSED THORUGH RELIEF AND EDUCATION (ADORE)**

**Office :** Adore, Vilayil, TKMC P.O., Kollam PIN : 691005
Tel : +91 9446573220 Email:adoremission@gmail.com
Website: www.adoremission.org www.adoremission.in

**Field Address**: ADORE Hostel, Jimidipeta PO,Rayagada, Odhisa PIN 765002 +91 9908449640

---



| | | |
|---|---|---|
| President | : | **PROF. A.V. ITTY**<br>Adiyanil, Mavelikara - 690 101<br>Ph : 0479 - 2300 750<br>+919495017850 |
| Secretary | : | **Sri. Jacob Easow**<br>Valiparampil, TKM College PO,<br>Kollam-691005<br>Tel. +91 9446573220,<br>+91 8606473220 |
| Treasurer | : | **Mr. KORUTHU SAMUEL**<br>Mullaseri Bhavan, Kavanad, Kollam<br>Ph : +918281472773,<br>+917012475106 |
| Members | | **Dr. Koshy George,**<br>**Sri. K J John**<br>**Sri. Greevarghese M**<br>**Sri. P O Sunny** |



---

For Private Circulation only
Published by **Shri. Jacob Easow** for **Adore**